**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 606** **28-06-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ-വാണിജ്യ മേഖലയിൽ കേരളത്തിന്റെ മുന്നേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതു കൂടാതെ വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.<br><br>വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.<br><br>1.എം.എസ്.എം.ഇ ക്ലിനിക്ക്<br><br>2.എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്റർ<br><br>3.സംരംഭക വർഷവുമായി ബന്ധപ്പെട്ട പദ്ധതികൾ<br><br>4.തദ്ദേശ സ്ഥാപനങ്ങളിൽ ബോധവത്കരണ പരിപാടി<br><br>5. ലോൺ/ലൈസൻസ് മേളകൾ<br><br>6. കാൾസെന്റർ<br><br>കൂടാതെ, 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് |

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 2021 ലെ ഭേദഗതി പ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട് .<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022- 23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട് . |
| (ബി) | 2022 സംരംഭക വർഷമായി പ്രഖ്യാപിച്ചതുവഴി വ്യവസായ മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2022-23 'സംരംഭക വർഷ'മായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച് കൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിടുകയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ് മാസത്തിൽ പൊതുബോധവൽക്കരണം നടത്തിയും തുടർന്ന് താല്പര്യപ്പെട്ടുവന്ന ആളുകൾക്ക് ജൂൺ മാസത്തിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിയും സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ക്യാമ്പയിനുകൾ വഴി സ്വീകരിച്ചുവരുന്നു. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനും വേണ്ടി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്റേർണിനെ നിയമിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്കു നയിക്കാനും ഇന്റേൺസിന്റെ നേതൃത്വത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു.<br><br>വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി 4% പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും വ്യവസായവകുപ്പ് ഉദ്ദേശിക്കുന്നു.<br><br>ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളിൽ പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ബോധവത്കരണ പരിപാടികൾ നടത്തുക, ലോൺ/ലൈസൻസുകൾ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തം ആയിരിക്കും. ഒരു തദ്ദേശ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യം ഉണ്ടായിരിക്കുന്നതാണ്.<br><br>കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022- 23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1. നിലവിലുള്ള എംഎസ്എംഇ -കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം<br><br>2. നിലവിലുള്ള എംഎസ്എംഇ -കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.<br><br>3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം<br><br>4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br><br>5. എംഎസ്എംഇ -കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ<br><br>6. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തനങ്ങൾക്കായുള്ള സഹായം<br><br>7. ക്ലസ്റ്റർ വികസന പരിപാടി<br><br>ടി പദ്ധതികളുടെ മാർഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| (സി) | സംരംഭകർക്ക് ആവശ്യമായ എന്തൊക്കെ സഹായങ്ങളാണ് വ്യവസായ-വാണിജ്യ വകുപ്പുകൾ നിലവിൽ ചെയ്തു വരുന്നത്; | (സി) | സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും സംശയ നിവാരണത്തിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലെ വിദഗ്ധരെ എം പാനൽ ചെയ്ത് എം.എസ്.എം.ഇ ക്ലിനിക്ക് രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംരംഭകർക്ക് സൗജന്യമായി വിദഗ്ധരുമായി ചർച്ച ചെയ്ത് സംശയ നിവാരണത്തിനുള്ള അവസരം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതാണ്. താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എംഎസ്എംഇ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫെഷണൽ യോഗ്യതയുള്ള ഓരോ റിസോർസ് പേർസണെ വീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളിൽ പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. ബോധവത്കരണ പരിപാടികൾ നടത്തുക, ലോൺ/ലൈസൻസുകൾ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തം ആയിരിക്കും. ഒരു തദ്ദേശ സ്ഥാപനതലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യം ഉണ്ടായിരിക്കുന്നതാണ്.<br><br>കൂടാതെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്<br>1. സംരംഭക സഹായ പദ്ധതി(ESS)<br>2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br>3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി<br>4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br>5. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br>6. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി |
| (ഡി) | വ്യവസായ-വാണിജ്യ മേഖലയിൽ ദേശീയ തലത്തിൽ കേരളത്തിന് എത്രമാത്രം മുന്നേറ്റം ഇതുവരെ സാധ്യമായിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് കിൻഫ്രയുടെ 5 പാർക്കുകളായ കളമശ്ശേരി ഹൈടെക് പാർക്ക്, കഴക്കൂട്ടം ഫിലിം ആന്റ് വീഡിയോ പാർക്ക്, പാലക്കാട് മെഗാ ഫുഡ് പാർക്ക്, എറണാകുളം ഇൻഡസ്ട്രീസ് പാർക്ക്, കഞ്ചിക്കോട് ടെക്സ്റ്റൈൽ പാർക്ക് എന്നീ പാർക്കുകൾക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ അടിസ്ഥാന സൗകര്യ സൂചികയിൽ മികച്ച റേറ്റിംഗ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ